# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 426

## 26.04.2017 ലെ മറുപടിക്ക്

## <u>നബാർഡിന്റെ വിവിധ പദ്ധതികൾ</u>

| | ചോദ്യം<br>ശ്രീ.പി.വി. അൻവർ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നബാർഡിന്റെ വിവിധ പദ്ധതികൾ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് എന്നിവയിൽ നിന്നും വിഹിതം അനുവദിച്ച് നടപ്പാക്കാനാവുമോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങളെങ്ങനെയാണെന്ന് വിശദമാക്കുമോ; | 15.03.2007-ലെ സ.ഉ.(അ) നം. 112/2007/ധന ഉത്തരവ് പ്രകാരം പഞ്ചായത്തുകൾ ഏറ്റെടുത്ത നബാർഡ് RIDF പ്രവൃത്തികളുടെ 20% വരെയുള്ള പദ്ധതി തുക എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും, പ്രത്യേക വികസന നിധിയുടെ വ്യവസ്ഥകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി, വിനിയോഗിക്കാവുന്നതാണ്.<br>11.06.2012-ലെ സ.ഉ.(അ) നം. 332/2012/ധന ഉത്തരവിലെ പൊതു നിർദേശങ്ങളിലെ ഇനം -7 പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. (ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ത്രിതല പഞ്ചായത്തുകളുടെ മാതൃകയിൽ എം.എൽ.എ.മാരുടെ വിഹിതം വിനിയോഗിച്ച് നടപ്പിലാക്കാനാവുകയെന്ന് വിശദമാക്കുമോ? | 27.05.2004-ലെ സ.ഉ.(അ) നം. 247/2004/ധന ഉത്തരവിലെ ഖണ്ഡിക 6.4 പ്രകാരം എം.എൽ.എ-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രത്യേക വികസന നിധിയുടെ മാർഗരേഖ പ്രകാരം അനുവദനീയമായ പ്രവൃത്തികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന സർക്കാറിന്റെ വിഹിതമായി പ്രത്യേക വികസന നിധി തങ്ങളുടെ നിയോജക മണ്ഡലത്തിൽ വിനിയോഗിക്കാവുന്നതാണ്.<br>11.06.2012-ലെ സ.ഉ.(അ) നം. 332/2012/ധന ഉത്തരവിലെ പൊതു നിർദേശങ്ങളിലെ ഇനം -7 പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. (ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു). |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്